"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

കൃഷി വകുപ്പ് - 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം - പൊതു ആവശ്യം - എറണാകുളം ജില്ലയിൽ പകൽ വീട് നിർമ്മിക്കുന്നതിന് കോടനാട് വില്ലേജിൽ 0.82 ആർസ് സ്ഥലം പരിവർത്തനപ്പെടുത്തുന്നതിന് - അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**കൃഷി(എൻ.സി.എ.)വകുപ്പ്**

**സ.ഉ.(കൈ) നം.54/2024/AGRI തീയതി,തിരുവനന്തപുരം, 22-06-2024**

---

പരാമർശം:- 1. കൂവപ്പടി ഗ്രാമ പഞ്ചായത്ത് സെക്രട്ടറി സമർപ്പിച്ച ഫോം.2 അപേക്ഷ.

2. കൂവപ്പടി കൃഷി ഓഫീസറുടെ 17.11.2023-ലെ ഖ് 23/2023-24 നമ്പർ റിപ്പോർട്ട്.

3. 11.03.2024-ലെ സംസ്ഥാനതല സമിതി യോഗ തീരുമാനം.

**<u>ഉത്തരവ്</u>**

എറണാകുളം ജില്ലയിൽ കുന്നത്തുനാട് താലൂക്ക് കോടനാട് വില്ലേജിൽ ബ്ലോക്ക് 5 സർവ്വേ 141/6-2-ൽപ്പെട്ട 0.82 ആർസ് സ്ഥലം പരിവർത്തനം ചെയ്ത് പകൽ വീട് നിർമ്മിക്കുന്നതിന് കൂവപ്പടി ഗ്രാമ പഞ്ചായത്ത് സെക്രട്ടറി പരാമർശം (1) പ്രകാരം സമർപ്പിച്ച അപേക്ഷ 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിലെ വകുപ്പ് 8 പ്രകാരം രൂപീകരിച്ച സംസ്ഥാനതല സമിതി 11.03.2024-ൽ കൂടിയ യോഗത്തിൽ പരിശോധിച്ച് ചുവടെ ചേർക്കും പ്രകാരം തീരുമാനം കൈക്കൊള്ളുകയും സർക്കാരിലേയ്ക്ക് റിപ്പോർട്ട് ചെയ്യുകയുമുണ്ടായി:

"എറണാകുളം ജില്ലയിൽ കോടനാട് വില്ലേജിൽ സർവ്വേ നമ്പർ 141/6-2 ൽ 0.82 ആർസ് ഭൂമി പകൽ വീട് നിർമ്മാണത്തിനായി പരിവർത്തനപ്പെടുത്തുന്നതിന് കൂവപ്പടി ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമർപ്പിച്ച അപേക്ഷ പരിശോധിച്ചതിൽ, പ്രാദേശികതല നിരീക്ഷണ സമിതിയുടെ ശിപാർശ അംഗീകരിച്ച് പരിവർത്തനാനുമതി നൽകാവുന്നതാണ്."

2. സംസ്ഥാനതല സമിതിയുടെ മേൽ റിപ്പോർട്ട് 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിലെ വകുപ്പ് 10(2) പ്രകാരം സർക്കാർ വിശദമായി പരിശോധിച്ചു. സമിതിയുടെ പ്രസ്തുത റിപ്പോർട്ട് അംഗീകരിച്ച് എറണാകുളം ജില്ലയിൽ കുന്നത്തുനാട് താലൂക്ക് കോടനാട് വില്ലേജിൽ ബ്ലോക്ക് 5 സർവ്വേ നം.141/6-2-ൽപ്പെട്ട 0.82 ആർസ് ഭൂമി പകൽ വീട് നിർമ്മിക്കുന്നതിനായി പരിവർത്തനപ്പെടുത്തുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബാലഗോപാൽ കെ കെ
അഡിഷണൽ സെക്രട്ടറി

(1) സെക്രട്ടറി, കൂവപ്പടി ഗ്രാമ പഞ്ചായത്ത്, കൂവപ്പടി പി.ഒ.,
എറണാകുളം-683544.
(2) ലാന്റ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം.
(3) ജില്ലാ കളക്ടർ, എറണാകുളം.
(4) റവന്യൂ ഡിവിഷണൽ ഓഫീസർ, എറണാകുളം.
(5) പ്രിൻസിപ്പൽ അഗ്രിക്കൾച്ചറൽ ഓഫീസർ, എറണാകുളം.
(6) ഡോ.പി.ഒ.നമീർ, ഡീൻ, കോളേജ് ഓഫ് ക്ലൈമറ്റ് ചേഞ്ച് &
എൻവയോൺമെന്റൽ സയൻസ്, കാർഷിക സർവ്വകലാശാല, തൃശ്ശൂർ.
(7) ഡോ.അനു.ജി.കൃഷ്ണൻ, അസോസിയേറ്റ് പ്രൊഫസർ, ഹോർട്ടി കൾച്ചർ,
റീജിയണൽ അഗ്രിക്കൾച്ചറൽ റിസർച്ച് സ്റ്റേഷൻ(25), കുമരകം.
(8) കൃഷി ഓഫീസർ, കൃഷിഭവൻ, കൂവപ്പടി, എറണാകുളം.
(9) വില്ലേജ് ഓഫീസർ, കോടനാട്, എറണാകുളം.
(10) വിവര പൊതുജന സമ്പർക്ക വകുപ്പ് (പ്രസിദ്ധീകരണത്തിന്).
(11) കരുതൽ ഫയൽ /ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Archana B P
Date: 22-06-2024 12:22:17

പകർപ്പ്:- 1.കൃഷി വകുപ്പ് മന്ത്രിയുടെ പി.എസ്.
2.കാർഷികോൽപ്പാദന കമ്മീഷണർ & പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.